## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2160

05.12.2018 ൽ മറുപടിയ്ക്ക്

### ജയിലുകളുടെ നവീകരണം

| ചോദ്യം<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. സി.കെ. ഹരീന്ദ്രൻ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ജയിലുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | ജയിലുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (ബി) | ജയിലുകളുടെ സുരക്ഷാ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ജയിലുകളിലെ സുരക്ഷാ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സി.സി.ടി.വി. നിരീക്ഷണ സംവിധാനം ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ, ജില്ലാ ജയിൽ മുട്ടം എന്നിവ ഒഴികെ മറ്റ് 52 ജയിലുകളിലും സ്ഥാപിച്ചിട്ടുണ്ട്. സെൻട്രൽ ജയിൽ, തിരുവനന്തപുരം, കണ്ണൂർ എന്നിവിടങ്ങളിൽ വൈദ്യുതവേലി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജയിലുകളിലും മെറ്റൽ ഡിറ്റക്റ്ററും സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | ജയിൽ മ്യൂസിയം പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ; | (സി) | ഉണ്ട്. ജയിൽ മ്യൂസിയം സ്ഥാപിക്കുന്നത് പൊതുജനങ്ങൾക്ക് ജയിൽ അന്തരീക്ഷത്തെക്കുറിച്ച് അറിവ് കിട്ടുവാനും യുവാക്കളിൽ കുറ്റവാസന കുറയ്ക്കുന്നതിന് സഹായകരമാകുകയും ചെയ്യും. നിരവധി ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച ജയിലുകളിലെ വസ്തുക്കളും രേഖകളും മറ്റും ശേഖരിച്ച് സംരക്ഷിക്കേണ്ടതുണ്ട്. കേരള സംസ്ഥാന പിറവിയ്ക്കുമുമ്പ് മൂന്ന് നാട്ടുരാജ്യങ്ങളിലായി സ്ഥിതി ചെയ്തിരുന്ന പൂജപ്പുര, വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിലുകളിലും കോഴിക്കോട് ജില്ലാ ജയിലിലും ചരിത്രത്തിന്റെ മറ്റെവിടേയും കാണാത്ത ശേഷിപ്പുകൾ ഉണ്ട്. ചരിത്ര പ്രാധാന്യമുള്ള വസ്തുക്കൾ സജ്ജീകരിച്ച് പ്രദർശിപ്പിക്കുന്നത് ടൂറിസ്റ്റുകൾക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും പ്രയോജനപ്രദമാണ്. ജയിലുകൾ സംശുദ്ധീകരണ സാന്മാർഗ്ഗീകരണ |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങൾ (Correctional Centres) ആണെന്നുള്ള ആധുനിക കാഴ്ചപ്പാടിനെക്കുറിച്ച് പൊതുസമൂഹത്തിന് അവബോധം ഉണ്ടാക്കുന്നതിനും അതുവഴി ജയിൽ മോചിതരാകുന്ന തടവുകാരോടുള്ള പൊതുജനത്തിന്റെ കാഴ്ചപ്പാടിൽ മാറ്റം വരുത്തി അവരെ സമൂഹത്തിൽ സ്വീകരിക്കുന്നതിനും ജയിൽ മ്യൂസിയം സ്ഥാപിക്കുന്നത് പ്രയോജനപ്രദമാണ്. |
| (ഡി) | ജയിലുകൾ കുറ്റവാളികളെ പാർപ്പിക്കുന്ന സ്ഥലം എന്നതിന് പകരം കുറ്റം ചെയ്തവരെ തെറ്റുകൾ തിരുത്തി നല്ല മനുഷ്യരായി മാറ്റുവാനുതകുന്ന തരത്തിൽ മന:പരിവർത്തനം ഉണ്ടാകുന്ന ഒരു ഇടമായി തീർക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ഡി) | ജയിലിൽ അടയ്ക്കപ്പെടുന്നതുകൊണ്ട് അന്തേവാസികളുടെ മനുഷ്യത്വം നഷ്ടപ്പെടുന്നില്ലായെന്നും സഞ്ചാര സ്വാതന്ത്ര്യം, തൊഴിലിനുള്ള സ്വാതന്ത്ര്യം എന്നിവ ഒഴികെയുള്ള എല്ലാ മനുഷ്യാവകാശങ്ങൾക്കും അർഹതയുണ്ടെന്നതിന്റെ അടിസ്ഥാനത്തിലാണ് ആധുനിക ജയിലുകൾ വിവിധക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. അന്തേവാസികളുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും ലക്ഷ്യം വച്ച് ജയിൽ മോചിതരാകുമ്പോൾ അവർക്ക് വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ജീവസന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്തുവാനും, അതുവഴി സമൂഹത്തിലെ ഉത്തമ പൗരന്മാരായി ജീവിക്കുന്നതിനുമുള്ള വിവിധ തൊഴിൽ പരിശീലന പരിപാടികൾ എല്ലാ വർഷവും തടവുകാരുടെ ക്ഷേമം പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിവരുന്നു. തടവുകാരിൽ കുറ്റവാസന ഇല്ലാതാക്കുന്നതിനും മാനുഷിക മൂല്യങ്ങൾ വളർത്തിയെടുത്ത് പൊതുസമൂഹത്തിൽ ജീവിക്കുവാൻ പ്രാപ്തരാക്കുന്നതിന് ജയിലുകളിൽ വിവിധ തൊഴിൽ പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>ഇത്തരത്തിൽ പരിശീലനം നേടിയ തടവുകാർക്ക് ജയിൽ മോചനത്തിനുശേഷം ടി തൊഴിലുകളെ ആശ്രയിച്ച് വരുമാനം കണ്ടെത്താവുന്നതും തദ്വാര അവരുടെ പുനരധിവാസം സുഗമമാകുന്നതുമാണ്. ഇതുകൂടാതെ തടവുകാരുടെ മന:പരിവർത്തനത്തിനായി മതപരവും അല്ലാത്തതുമായ വിഷയങ്ങളിൽ സാന്മാർഗ്ഗീകബോധനം നടത്തിവരുന്നു. വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ കൗൺസിലിംഗ്, വിനോദത്തിനുള്ള മറ്റ് ക്ഷേമപരിപാടികൾ എന്നിവ നിരന്തരം ജയിലുകളിൽ സംഘടിപ്പിച്ച് വരുന്നു. തടവുകാർക്ക് കൗൺസിലിംഗിന് സേവനം ലഭ്യമാക്കുന്നതിനായി പ്രധാനപ്പെട്ട ജയിലുകളിൽ വെൽഫെയർ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അന്തേവാസികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടി നിരക്ഷരരായ അന്തേവാസികൾക്ക് സാക്ഷരതാ ക്ലാസ്സുകളും അതുപോലെ സാക്ഷരരായവർക്ക് ഉയർന്ന വിദ്യാഭ്യാസം നേടുന്നതിനുള്ള എല്ലാവിധ സൗകര്യങ്ങളും സഹായങ്ങളും ജയിലുകളിൽ നൽകി വരുന്നു. ജയിൽ ജീവിതത്തിന്റെ മാനസിക സമ്മർദ്ദങ്ങൾ ഒഴിവാക്കുന്നതിനായി വിനോദ കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള സൗകര്യങ്ങൾ എല്ലാ ജയിലുകളിലും ലഭ്യമാക്കിയിട്ടുണ്ട്. അന്തേവാസികളിൽ വായനാശീലം വളർത്തുന്നതിന് ലൈബ്രറി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വർത്തമാനപ്പത്രങ്ങളും ആധുനിക മാസികകളും അന്തേവാസികൾക്ക് സൗജന്യമായി നൽകിവരുന്നുണ്ട്. വിനോദോപാധിയെന്ന നിലയിൽ വിവിധ ജയിലുകളിൽ ടി.വി, എഫ്.എം.റേഡിയോ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.<br>ജയിൽക്ഷേമദിനാഘോഷത്തിന്റെ ഭാഗമായി അന്തേവാസികളുടെ കലാകായിക മത്സരങ്ങളും സാംസ്കാരിക പരിപാടികളും സംഘടിപ്പിച്ചുവരുന്നു.<br>ശിക്ഷാതടവുകാർക്ക് അവരുടെ കുടുംബവും സമൂഹവുമായി നല്ല ബന്ധം നിലനിർത്തുന്നതിന് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് അവധികൾ നൽകി വരുന്നുണ്ട്. ജയിലിലെ നല്ല പെരുമാറ്റത്തിന് നിയമാനുസൃതമായ ശിക്ഷാ ഇളവ് നൽകി വരുന്നുണ്ട്. കൂടാതെ കുടുംബാംഗങ്ങളും ബന്ധുക്കളും വക്കീലുമായും ആശയവിനിമയം നടത്തുന്നതിന് ടെലഫോൺ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ തടവുകാരെ കുറ്റവാസനയിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും നല്ല സ്വഭാവത്തിൽ കഴിയുന്നതിനും പ്രേരിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 2016-17

### ജയിലുകളുടെ നവീകരണം പദ്ധതി

1. പത്തനംതിട്ട ജില്ലാ ജയിലിലെ പുതിയ ബ്ലോക്കുകളുടെ നിർമ്മാണം
2. ആലപ്പുഴ ജില്ലാ ജയിലിലെ പുതിയ ബ്ലോക്കുകളുടെ നിർമ്മാണം
3. ജയിലുകളിലെ അടുക്കള നവീകരണം
    1. സ്പെഷ്യൽ സബ് ജയിൽ, കണ്ണൂർ
    2. സബ് ജയിൽ, ചാവക്കാട്
    3. ജില്ലാ ജയിൽ, വിയ്യൂർ
    4. സ്പെഷ്യൽ സബ് ജയിൽ, മൂവാറ്റുപുഴ
    5. ജില്ലാ ജയിൽ, എറണാകുളം
4. ദേവികുളം സ്പെഷ്യൽ സബ് ജയിലിലെ തകർന്ന ചുറ്റുമതിൽ പുനർനിർമ്മാണം
5. തിരുവനന്തപുരം സെൻട്രൽ ജയിലിൽ തടവുകാർക്കായുള്ള പ്രാർത്ഥനാ ഹാളിന്റെ നിർമ്മാണം
6. ചീമേനി തുറന്ന ജയിലിലെ വിവിധ ഫാമുകളുടെ നിർമ്മാണം
7. കണ്ണൂർ സെൻട്രൽ ജയിലിൽ തടവുകാർക്കുള്ള കമ്പ്യൂട്ടർ ലാബ് നിർമ്മാണം
8. തിരുവനന്തപുരം സെൻട്രൽ ജയിലിലെ ഫ്രീ ഫാഷനിസ്റ്റയുടെ വിപുലീകരണം

9 സെൻട്രൽ പ്രിസണുകളിൽ RO/UV പ്ലാന്റുകൾ സ്ഥാപിക്കുക

10. സെൻട്രൽ ജയിലുകളിൽ പവർ ലോണ്ട്രി സംവിധാനം സ്ഥാപിക്കുക
11. ജയിലുകളുടെ നിർമ്മാണം.
    1. ഹൈസെക്യൂരിറ്റി പ്രിസൺ, വിയ്യൂർ
    2. സെൻട്രൽ പ്രിസൺ, തവനൂർ
    3. ജില്ലാ ജയിൽ, മലമ്പുഴ
    4. സ്പെഷ്യൽ സബ് ജയിൽ, ഇരിങ്ങാലക്കുട
    5. ജില്ലാ ജയിൽ, മുട്ടം, ഇടുക്കി

## 2017-18

### ജയിലുകളുടെ നവീകരണം പദ്ധതി

1. ജയിലുകളുടെ അടുക്കള നവീകരണം
    1. സബ് ജയിൽ, തിരൂർ
    2. സ്പെഷ്യൽ സബ് ജയിൽ, കോഴിക്കോട്
    3. വനിതാ ജയിൽ, കണ്ണൂർ
    4. ജില്ലാ ജയിൽ, കൊല്ലം
2. ഫോട്ടോ കോപ്പിയർ വാങ്ങുക
3. ഇലക്ട്രോണിക് ത്രാസ്സുകൾ വാങ്ങുക.

4. ചീമേനി തുറന്ന ജയിലിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം
5. ചീമേനി തുറന്ന ജയിലിലെ ബാരക്ക് നിർമ്മാണം.
6. മാനന്തവാടി ജില്ലാ ജയിലിലെ സൂപ്രണ്ട്-സ്റ്റാഫ് ക്വാർട്ടേഴ്സ്, സ്റ്റാഫ് റെസ്റ്റ് റൂം എന്നിവയുടെ നിർമ്മാണം
7. ഉത്തരമേഖലാ ഡി.ഐ.ജി. - കോഴിക്കോട് ജില്ലാ ജയിൽ സൂപ്രണ്ട് എന്നിവർക്കായുള്ള ക്വാർട്ടേഴ്സുകളുടെ നിർമ്മാണം
8. വിയ്യൂർ, സെൻട്രൽ ജയിലിലെ മൾട്ടി പർപ്പസ് ആഡിറ്റോറിയത്തിന്റെ നിർമ്മാണം.
9. വിയ്യൂർ, സെൻട്രൽ ജയിലിലെ സെല്ലുകളിൽ ഫാൻ സ്ഥാപിക്കുക
10. സ്പെഷ്യൽ സബ് ജയിൽ കാസർഗോഡ്– അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണം
11. സ്പെഷ്യൽ സബ് ജയിൽ കാസർഗോഡ്-സെല്ലുകളിലും വരാന്തയിലും ടൈൽ പാകുക.
12. സ്പെഷ്യൽ സബ് ജയിൽ കാസർഗോഡ്-റെസ്റ്റ് റൂമിന് താഴെയായി ഗ്രില്ല് സ്ഥാപിക്കുക.
13. വിയ്യൂർ വനിതാ ജയിലിൽ ഇൻറർവ്യൂ റൂം, കോൺഫറൻസ് ഹാൾ എന്നിവയുടെ നിർമ്മാണം
14. ഉത്തരമേഖലാ ഡി.ഐ.ജി. ഓഫീസിന്റെ ഒന്നാം നിലയുടെ നിർമ്മാണം
15. സ്പെഷ്യൽ സബ് ജയിൽ, വൈത്തിരി - മേൽക്കൂരയുടെ ട്രസ്സ് വർക്ക്
16. കോഴിക്കോട് ജില്ലാ ജയിൽ - സെല്ലുകളിൽ ടൈൽ പാകുക
17. ചിറ്റൂർ സ്പെഷ്യൽ സബ് ജയിൽ - ഇൻറർവ്യൂ റൂം, കോമ്പൗണ്ട് വാൾ, ഗേറ്റ് എന്നിവ സ്ഥാപിക്കുക.

18 പൊന്നാനി സബ് ജയിലിലെ സെല്ലുകളുടെ അറ്റകുറ്റപ്പണികൾ

19. സ്പെഷ്യൽ സബ് ജയിൽ, കോഴിക്കോട് - ഒന്നാം നിലയിൽ സെല്ലുകൾ നിർമ്മിക്കുക
20. പൊന്നാനി സബ് ജയിലിലെ അടുക്കള നവീകരണം
21. വടകര സബ് ജയിലിലെ അടുക്കള നവീകരണം

22) 17 ജയിലുകളിൽ സി.സി.ടി.വി സംവിധാനം സ്ഥാപിക്കുക.

23) 3 സെൻട്രൽ ജയിലുകളിൽ സി.സി.ടി.വി. സംവിധാനത്തോടുകൂടിയുള്ള മോഡേൺ ഇൻറർവ്യൂ ഹാളിന്റെ നിർമ്മാണം

24) തിരുവനന്തപുരം, വിയ്യൂർ സെൻട്രൽ പ്രിസണുകളിൽ പബ്ലിക്ക് അഡ്രസ്സിംഗ് സിസ്റ്റം സ്ഥാപിക്കുക

25) സെൻട്രൽ ജയിലുകളിലും, ഓപ്പൺ ജയിലുകളിലും പൗൾട്രീ ഫാം സ്ഥാപിക്കുക.

26) കണ്ണൂർ, സെൻട്രൽ ജയിലിൽ ബേക്കറി യൂണിറ്റ് സ്ഥാപിക്കുക

## 2018-19

### ജയിലുകളുടെ നവീകരണം പദ്ധതി

1) ജയിലുകളിലെ മാനസിക രോഗികളായ തടവുകാരുടെ പുനരധിവാസത്തിനുള്ള ബ്ലോക്കുകളുടെ നിർമ്മാണം:-
    1. സെൻട്രൽ പ്രിസൺ, തിരുവനന്തപുരം
    2. സെൻട്രൽ പ്രിസൺ, വിയ്യൂർ
    3. സെൻട്രൽ പ്രിസൺ, കണ്ണൂർ
2) ജയിലുകളിലെ അടുക്കള നവീകരണം
    1. ജില്ലാ ജയിൽ, കോട്ടയം
    2. സബ് ജയിൽ, മീനച്ചിൽ
    3. സബ് ജയിൽ, വിയ്യൂർ
    4. സബ് ജയിൽ, പീരുമേട്
    5. ഓപ്പൺ പ്രിസൺ, നെട്ടുകാൽത്തേരി & അനക്സ്
3) വനിതാ ജയിലുകളിലെ ക്രഷുകളുടെ നിർമ്മാണം:-
    1. വനിതാ ജയിൽ, തിരുവനന്തപുരം
    2. വനിതാ ജയിൽ, വിയ്യൂർ

    (സംസ്ഥാനത്ത പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവ് വെട്ടിക്കുറയ്ക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി ഒഴിവാക്കാനുള്ള നിർദ്ദേശം ധനവകുപ്പിന്റെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ട്.)
4) വിയ്യൂർ സെൻട്രൽ ജയിൽ കോമ്പൗണ്ടിൽ ജയിൽ മ്യൂസിയം സ്ഥാപിക്കുക.
5) ഇ-ഫയൽ മാനേജ്മെൻറ് സിസ്റ്റം നടപ്പിലാക്കുക
6) വാഹനങ്ങൾ വാങ്ങുക
7) 6 ജയിലുകളിലെ സി.സി.ടി.വി. സംവിധാനത്തിന്റെ നവീകരണം
8) 8 ജയിലുകളിലെ സി.സി.ടി.വി. സംവിധാനത്തിന്റെ AMC
9) ജില്ലാ ജയിൽ, മലമ്പുഴ - സി.സി.ടി.വി. സംവിധാനം സ്ഥാപിക്കുക
10) ലൈബ്രറി നവീകരണത്തിനും പുസ്തകങ്ങൾ വാങ്ങുക
11) സെൻട്രൽ ജയിലുകളിൽ ഇലക്ട്രോണിക്സ് ട്രോളി വാങ്ങുക
12) ജയിലുകളിൽ ടെലിവിഷൻ സെറ്റുകൾ വാങ്ങുക
12) അന്തേവാസികൾക്കായി കായിക ഉപകരണങ്ങൾ വാങ്ങുക
13) LED പ്രൊജക്ടർ വാങ്ങുക

സെക്ഷൻ ഓഫീസർ